1)Having heard learned counsel for the petitioner and counsel for the respondents ,we are not satisfied that the steps taken by the first respondent University for establishing off campus distance learning centers contravenes the provisions of the Mahatma Gandhi University Act,1985 or the statutes made thereunder.In fact Chapter 42 of the Mahatma Gandhi University Statutes,1997specifically provides that a center of Dìstance Education shall be a department of the University.

2) We are also not impressed with the contention of the petitioner that section 4(2)of the Mahatma Gandhi University Act

absolutely prohibits the University from affiliating educational institutions situated outside the territorial limits prescribed in sub-section (1) of section 4. As long as consent from Government and the Vice Chancellor are obtained, even affiliation can be granted to institutions outside the territorial limits.

3)The final argument is that ,if the University is permitted to establish off campus learning centers ,then education would become commercialized. We have no evidence of such commercialisation,at present, before us. What is being attempted is an open and transparent policy of enabling distance learning . We do not think, that perse is illegal or contrary to the provisions of the Act. **If and when a situation arises, when it is demonstrably clear that there has been commercialization of education we are sure that the appropriate authorities, and, if not, this court ,can take notice and remedial action.**

Subject to these observations, the original petition is dismissed.

Though the Petition was dismissed, the Honourable High Court ,sharing AKPCTA's concern about commercialization of education, permitted the Association to approach the court again for remedial action under the following contingencies:

**1)When sufficient legal evidence of commercialization of education through Off Campus Centers is available**

2)When appropriate authorities fail to take remedial action against such commercialization of education

## VC's Vanishing Act

An incidental comedy enacted in connection with the Petition was the farcical finale of the Press Conference convened by the Vice Chancellor at 1PM on the 25th of September ,at which time the hearing on the Writ Petition was in progress in the High Court. The occurrence of the two events at the same time was a classic case of accidental coincidence. Insiders say that the crisis managers in the University who got wind of the hearing in the court only when it was too late to call off the Press Conference prevailed upon the V.C to do what one scribe described as "the vanishing act" to save the day. Whether it was by deliberate design or accident, the VC's absence did not go down very well with the reporters. This is how The Hindu reported the event :

Kottayam,Sept.25. That Mahatma Gandhi University has the uncanny knack for getting into limelight for the wrong reasons, is an old joke. Many times during the last 15 years or more, those on the top echelons at the institution had refused to meet presspersons whenever they felt that they were going to be at the receiving end of media glare. However it was for the first time that the Vice Chancellor himself ,after convening a press conference at his new sprawling office complex, enacted a successful vanishing act.

The issue in focus was the press conference called by the Vice Chancellor ,Dr. Cyriac Thomas,to explain the off-the-campus academic programmes being commenced under the aegis of the School Of Distance Education. The press persons were asked to be present by 1PM ; but when they reached the spot the Vice Chancellor was no-where to be seen. Instead, it was the Pro-Vice-Chancellor who was conducting the press conference ,they were told. According to the Pro-Vice-Chancellor, the Vice-Chancellor had been off to attend a funeral.

Many believe that this was nothing but

an escapist act on the flimsiest of excuses. The very commencement of off-the-campus programmes, the new avatar of the franchisee programme which had to be shelved earlier on account of stiff opposition from the academic community, had already generated a lot of heat.

The alleged ostentatious spending by university authorities and alleged flaunting of rules in some appointments have already made every seat a hot one for top authorities, it is believed.

## UGC Steps In

Meanwhile, the UGC had sent a circular to all Universities as early as 9th Aug.2001 directing them not to franchise higher education through off-campus centres ( **See Kerala Private College Teacher ;No.167; Oct.2001)** .The directive which came in the form of a DO letter from the Chairman ,UGC to all Vice Chancellors did not see the light of day till an unidentified person leaked it to two prominent dailies which simultaneously published the story on 4th oct.2001.

Taking the cue from the observation of the court and UGC's directives against commercialization of education through Off Campus Centers **AKPCTA represented to the UGC as follows:**

Dr.Hari Gautham
Chairman,UGC
New Delhi

Dated 5/10/2001

Sir

**Sub : Off –Campus Academic Centres of Mahatma Gandhi University, Kottayam, Kerala - Violation of U.G.C. Directives regarding**
**Ref : U.G.C D.O. letter No F.1-52/99(CPP-2) dt 9th Aug 2001 to Vice Chancellors**

This is to bring to your kind notice the fact that Mahatma Gandhi University is going ahead with its programme of starting **Off Campus Academic Centers within and outside the country in collaboration with private agencies in violation of U.G.C. directives in this regard as per letter cited above.**

The scheme of the University is to entrust the business of recruitment of students and teachers and conduct of classes with private agencies on condition of sharing the fees collected in the ratio of 1:1 between the University and the Centre.

*The programme is being operated under the School of Distance Education in violation of its stated objective of democratizing higher education by providing it at cost-effective rates to its beneficiaries. The fees proposed to be charged for students in this stream in Kerala are quite exorbitant, at rates on a par with self – financing stream. A BSc student has to pay as much as Rs 30,000/- by way of tuition and special fee. The fee for the same course for overseas students is 1200 US dollars.*

*There is no provision to ensure the quality of teaching, which is undertaken solely under the responsibility of the collaborating agency.*

The statutory bodies in the University such as the Senate and the Academic Council have not approved the plan. The University does not have even a full Syndicate now. The situation is being exploited by the Vice-Chancellor to run the University according to his sweet will.

It is understood that the University has already signed MOU with its foreign collaborators. Students are expected to be admitted shortly.

The University is expanding its operational field in spite of the fact that it has miserably failed to ensure the quality of its academic programmes presently being held in affiliated colleges under its jurisdiction. The university examinations are not held as per schedule and results are not published on time.

It may be recalled that the University had attempted to start the programme earlier under the nomenclature **Franchisee Educational Service** and it had to abandon the project in the face of stiff opposition from the academics. The same project is now being implemented by giving it a new name —**Off Campus Academic Programme.** A copy of the brochure of Off-Campus Academic Centers privately circulated by the University is enclosed herewith.

I request you to kindly intervene and take adequate deterrent action to forestall the attempt of
the University to trade in education by violating UGC norms .

Thanking you

Yours faithfully

THOMAS JOSEPH
President,AKPCTA

The UGC responded promptly and unequivocally. **Dr.Hari Gautham, Chairman of the UGC, himself wrote to Dr.Cyriac Thomas, VC, MG University seeking his immediate intervention** . The DO letter is reproduced below :

D.O. No.F1-10/20019CM0

18 October 2001

Dr. Cyriac Thomas
Vice Chancellor
Mahatma Gandhi University
Kottayam-686560

Dear Dr. Thomas

Enclosed please find herewith a representation from Prof. Thomas Joseph ,President, The All Kerala Private College Teachers' Association, Thiruvananthapuram, addressed to the Chairman, UGC,dated October 5, 2001. **It is regarding Off Campus Academic Centres through which Mahatma Gandhi University is franchising its degree education. This ,in**

**fact, is violation of UGC directives issued to all universities as per communication D.O . No.F1- 52/99(CPP-II) of Aug. 9, 2001**. The representation says that the earlier venture of starting Franchising Education Services has now been replaced by the Off Campus Academic Programme. Though mentioned that neither Senate nor Academic Council have approved the plan , it has no relevance in view of the directives already issued by the UGC in this respect

I shall request you to kindly examine the matter ,send your comments if you so desire and take necessary action to comply with the aforesaid UGC directives in this respect.
With regards

Yours sincerely

HARI GAUTAM
CHAIRMAN

The letter from the Chairman, UGC clearly implies the following:

**1)MG University's Off Campus Centres are franchising agencies and therefore the University is guilty of trading in education.**

**2)Such trading in education is against UGC norms and therefore steps taken by the University in this direction should be withdrawn.**

Alibi

Despite the above, MG University continues to maintain that the MG programme has the approval of the UGC. **The University's press release (Malayala Manorama dt.24 /10 /2001) says that the UGC Chairman has privately repudiated what he has openly and officially stated in writing!**

EVIDENCE???

**(To be concluded)**

## പ്രൊഫ. തോമസ് ജോസഫ് ഐഫക്ടോ വൈസ് പ്രസിഡന്റ്



2001 നവംബർ 9 മുതൽ 11 വരെ ലക്നൗവിൽ നടന്ന ഐഫക്ടോയുടെ ദ്വൈവാർഷിക സമ്മേളനത്തിൽവച്ച് ഐഫക്ടോയുടെ വൈസ് പ്രസിഡന്റായി എ. കെ. പി. സി.ടി. എ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു.

അഭിനന്ദനങ്ങൾ ആശംസകൾ

## എ.കെ.പി.സി.ടി.എ. വിജയിച്ചു

[illegible]

*With best compliments of:*

# BI PUBLICATIONS (P) LTD.

28/2758, SHARADA NIVAS,
KUTHIRAVATTOM ROAD, KUNNUMPURAM
THIRUVANANTHAPURAM- 695 001

Phone: 0471-472013
Fax: 0471-472073
e-mail:biptvpm@satyam.net.in

Head Office: 54, JANPATH, NEW DELHI 110001
Branches: AHAMADABAD, BANGALORE, CHENNAI, KOLKATHA, MUMBAI AND NEW DELHI

# അറിയപ്പെടാൻ ആഗ്രഹിക്കാത്തവർ

1958 ഡിസംബർ 21-ാം തീയതി എറണാകുളം സെന്റ് ആൽബേർട്ട്സ് കോളജിൽ വെച്ചാണ് എ.കെ.പി.സി.ടി.എ രൂപീകരിക്കപ്പെട്ടത്. സംഘടനയുടെ ഉത്ഭവം മുതൽ നാളിതുവരെയുള്ള നമ്മുടെ സംഘടിത പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് മുൻനിരയിൽ നിന്ന് പ്രവർത്തിച്ച അറിയപ്പെടാൻ ആഗ്രഹിക്കാത്ത നിരവധി അധ്യാപകരെ നാം പലപ്പോഴും ഓർക്കാറില്ല. പ്രൈവററ് കോളജ് അദ്ധ്യാപകരുടെ സമരേതിഹാസത്തിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, പ്രൊഫ. എം.പി.പോൾ, പ്രൊഫ. വി.ആർ.സുബ്രഹ്മണ്യൻ, പ്രൊഫ. ആർ.ആർ.സി എന്നിവർ എന്നും തിളങ്ങി നിന്നിരുന്ന ഉജ്ജ്വല നക്ഷത്രങ്ങളാണ്. പ്രൊഫ. എം.പി.പോൾ തുടങ്ങിവെച്ച പ്രൈവററ് കോളജ് അദ്ധ്യാപക പ്രസ്ഥാനത്തിന് സംഘടിത രൂപം നൽകി മുന്നോട്ട് കൊണ്ടുപോയവരിൽ പ്രമുഖനായിരുന്നു തിരുവനന്തപുരം മഹാത്മാഗാന്ധി കോളജിലെ ലക്ചറർ ശ്രീ.വിജയൻ നായർ. വ്യക്തമായ സംഘടനാ രൂപം ഉണ്ടായത് 1952 മാർച്ച് 16-ാം തീയതി ആയിരുന്നു. തിരുവനന്തപുരത്തു നടന്ന കൺവൻഷനിൽവച്ച് തിരുവിതാംകൂർ യൂണിവേഴ്സിററി പ്രൈവററ് കോളജ് ടീച്ചേഴ്സ് യൂണിയൻ രൂപമെടുത്തു. കൊല്ലം ശ്രീനാരായണ കോളജിലെ പ്രിൻസിപ്പാളായിരുന്ന ശ്രീ. എ.രാമയ്യരായിരുന്നു ആദ്യത്തെ പ്രസിഡന്റ്. 1956ൽ സംഘടനയുടെ പേര് ട്രാവൻകൂർ യൂണിവേഴ്സിററി പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കി മാററി. ടീച്ചേഴ്സ് അസോസിയേഷന്റെ സജീവ നേതാക്കളായിരുന്ന പ്രൊഫ.വിജയൻ നായർ, പ്രൊഫ.റോസ് ചന്ദ്രൻ, പ്രൊഫ.മീനാക്ഷിയമ്മ തുടങ്ങിയവർ പ്രത്യേകം സ്മരിക്കപ്പെടേണ്ടവരാണ്. 1957ൽ തിരുവനന്തപുരത്തുവെച്ച് നടന്ന രണ്ടാമത്തെ കൺവൻഷനിൽ വെച്ച് ഈ സംഘടന പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നായി രൂപാന്തരപ്പെട്ടു. 1957ൽ തന്നെ കൊച്ചി-മലബാർ പ്രദേശത്ത് പ്രൊഫ. നാരായണസ്വാമി, പ്രൊഫ.വി.ആർ.സുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിൽ മലബാർ-കൊച്ചിൻ പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നൊരു സംഘടന നിലവിൽ വന്നു. ഈ രണ്ടുസംഘടനകളും സംയോജിച്ചാണ് 1958ൽ എ.കെ.പി.സി.ടി.എ ജന്മമെടുത്തത്. സംഘടനാ ഭാരവാഹിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി അചഞ്ചലമായ സംഘടനാബോധത്തോടും നിസ്തുലമായ ത്യാഗസന്നദ്ധതയോടും പ്രവർത്തിച്ച അറിയപ്പെടാൻ ആഗ്രഹിക്കാത്ത നേതാക്കളായിരുന്നു സെന്റ് തോമസ് കോളജ്, പാലയിലെ പ്രൊഫ.പി.സി.ജോസഫ്, കൊല്ലം എസ്.എൻ.കോളജിലെ പ്രൊഫ.കെ.വേലായുധൻ നായർ തുടങ്ങിയവർ. അന്നത്തെ പ്രൈവററ് മാനേജ്മെന്റിന്റെ ഹീനമായ ലാഭതൃഷ്ണയേയും അദ്ധ്യാപക വിരുദ്ധ പ്രവർത്തനങ്ങളേയും സധൈര്യം ചെറുത്തുതോൽപ്പിച്ചുകൊണ്ട് പ്രൈവററ് കോളജ് അദ്ധ്യാപകർക്ക് സംഘടനാരൂപം ഉണ്ടാക്കി കൊടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച വിജയൻ നായരെപ്പോലുള്ളവരെ ഈ സംഘടന എന്നും കൃതാർത്ഥതയോടെ മാത്രമേ സ്മരിക്കുകയുള്ളൂ.

**സതീശ് ചന്ദ്രൻ**
*എസ്. എൻ. കോളേജ്, വർക്കല*

# വിമൻസ് സ്ററഡീസ് യൂണിററ് എന്ത്? എന്തിന്?

ഡോ. ആർ.ബി.രാജലക്ഷ്മി
എം.ജി.കോളജ്, തിരുവനന്തപുരം

**കേ**രള സർവ്വകലാശാലയുടെ കീഴിൽ എല്ലാ കോളജുകളിലും പ്രവർത്തിക്കുന്ന എൻ.എസ്.എസ്, തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇവ പോലെ പ്രവർത്തിയ്ക്കേണ്ട ഒന്നാണ് വിമൻസ് സ്റ്റഡീസ് യൂണിററ്. കാര്യവട്ടത്തുള്ള വിമൻസ് സ്റ്റഡീസ് സെന്ററാണ് അതിന്റെ ആസ്ഥാനം. യൂണിററിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ യൂണിവേഴ്സിററി നൽകിയിട്ടുണ്ട്. എന്നാൽ പല യൂണിററുകളും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടിട്ടില്ലെന്ന് ഈയിടെ സെന്റർ നടത്തിയ ഏകദിനശില്പശാലയിൽ നിന്നു വ്യക്തമായി. സ്ത്രീ ശാക്തീകരണവർഷമായി ആചരിക്കുന്ന ഈ വേളയിൽ എല്ലാ സെന്ററും, എന്തെങ്കിലും കാട്ടിക്കൂട്ടാതെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ തന്നെ നടപ്പാക്കാൻ പരമാവധി ശ്രമിക്കേണ്ടതുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികളിൽ സാമൂഹ്യബോധം വളർത്തുന്നതിനും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ അവരുടെ നേതൃത്വശേഷിയും കാര്യശേഷിയും വർദ്ധിപ്പിക്കാനും ദേശീയ വികസനത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പിക്കാനും കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് യൂണിററുകളിൽ നടക്കേണ്ടത്. സർവ്വകലാശാല അനുശാസിക്കുന്ന വിധത്തിൽ പ്രിൻസിപ്പൽ ചെയർമാനും ഒരദ്ധ്യാപിക കൺവീനറുമായിട്ടുള്ള ഒരു ഉപദേശകസമിതിയുടെ നേതൃത്വത്തിലാവണം യൂണിററുകൾ പ്രവർത്തിക്കേണ്ടത്.

വിമൻസ് സ്റ്റഡീസ് യൂണിററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

## ഉദ്ദേശ്യങ്ങൾ

- നിലവിലുള്ള സാമൂഹിക വ്യവസ്ഥിതിയിൽ നിന്നു ഭിന്നമായി സ്ത്രീ പുരുഷസമത്വം സംരക്ഷിക്കുക.
- സ്ത്രീശാക്തീകരണത്തിലൂടെ - സ്ത്രീ വികസന പരിപാടികളിലൂടെ ദേശീയ വികസനം ഉറപ്പാക്കുക.
- കലാശാലവിദ്യാഭ്യാസത്തെ സമൂഹത്തിന്റെ തീക്ഷ്ണമായ പ്രശ്നങ്ങളുമായി ബന്ധിപ്പിക്കുകയും ആ പ്രശ്നങ്ങളുടെ പരിഹാരത്തിനായി പ്രവർത്തിക്കാൻ അവരെ സന്നദ്ധരാക്കുകയും ചെയ്യുക.
- പ്രവർത്തന പരിപാടികളിലൂടെ വനിതകൾക്ക് പുതിയ അവബോധം സൃഷ്ടിക്കുക.
- ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുമായി നേരിട്ടു ബന്ധപ്പെടുകയും സ്ത്രീവിക്സനത്തിനുതകുന്ന പരിപാടികളിൽ ഏർപ്പെടുകയും ചെയ്യുക.
- കുടുംബത്തിലും, സ്ത്രീ വർഗ്ഗത്തിലും, സമൂഹത്തിലും സ്വന്തം അവകാശാധികാരങ്ങൾ അനുഭവിക്കാൻ സ്ത്രീകളെ സജ്ജരാക്കുകയും സഹായിക്കുകയും ചെയ്യുക.

## പരിപാടികളും പ്രവർത്തനങ്ങളും

മേല്പറഞ്ഞ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനായി ഇനി പറയുന്ന പഠന പ്രവർത്തനങ്ങളാണ് നിർദ്ദേശപ്പെട്ടിട്ടുള്ളത്.

## പഠനങ്ങൾ

- ജനസംഖ്യയിൽ ഭൂരിഭാഗമുള്ള അദൃശ്യരായ വനിതാ വിഭാഗത്തിന്റെ അദൃശ്യത അകററുകയും

വികസന പ്രവർത്തനങ്ങളിൽ അവർ നൽകുന്ന സംഭാവനകൾ കണ്ടെത്തി അംഗീകരിക്കുന്നതിനുള്ള പഠനങ്ങൾ നടത്തുക.

- സ്വാശ്രയബോധവും ആത്മവിശ്വാസവും വളർത്തുന്ന തരത്തിലുള്ള ഗവേഷണങ്ങളിൽ ഏർപ്പെടുക.
- പങ്കാളിത്തപഠന രീതിയിലൂടെ സ്വയം തിരിച്ചറിയാൻ സ്ത്രീകൾക്ക് അവസരമുണ്ടാക്കുക.
- അറിവിന്റെവസ്തുനിഷ്ഠമായ കണ്ടെത്തലിനുള്ള ഗവേഷണപരിപാടികൾ ആവിഷ്കരിക്കുക.

## പ്രവർത്തനങ്ങൾ

- മററു കോളജുകളിലെ വിദ്യാർത്ഥിനികളുമായി ചേർന്ന് ശില്പശാലകൾ നടത്തുകയും, അതിലൂടെ സ്ത്രീ പ്രശ്നങ്ങൾ തിരിച്ചറിയുകയും ചെയ്യുക. സ്ത്രീ പഠനത്തിന്റെ ആവശ്യകത ചർച്ച ചെയ്യുക.
- പുതിയ അറിവുകൾ മററുള്ളവർക്ക്പകർന്നുകൊടുക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുന്ന വിധത്തിലുള്ള സെമിനാറുകൾ നടത്തുക.
- സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളെ ആധാരമാക്കി സിമ്പോസിയങ്ങൾ നടത്തുക.
- അനൗപചാരികവിദ്യാഭ്യാസത്തിനുള്ള സംഘങ്ങളെ ഗ്രാമപ്രദേശത്തു രൂപീകരിക്കുക.
- പ്രദർശനം, പോസ്റ്ററുകൾ, സിനിമ-വീഡിയോ പ്രദർശനം തുടങ്ങിയവയിലൂടെ ഗ്രാമീണ വനിതകളിൽ നൂതനാവബോധം വളർത്തുക.
- സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചും വികസനാധികാരങ്ങളെക്കുറിച്ചും ഉള്ള അറിവ് ഗ്രാമീണജനതക്കു പകർന്നു കൊടുക്കുക.
- സ്ത്രീ പ്രശ്നങ്ങൾക്കു പ്രചാരം നൽകുക.
- എൻ. എസ്. എസ്,വയോജന വിദ്യാഭ്യാസ വിഭാഗം, സന്നദ്ധസംഘടനകൾ തുടങ്ങിയവയുമായി യോജിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുക.
  a) ലിംഗപരമായ പ്രശ്നങ്ങൾ തിരിച്ചറിയൽ
  b) ലിംഗവിവേചനം തിരിച്ചറിയൽ
  c) അസമത്വത്തിനെതിരെ പോരാടൽ
  d) അദൃശ്യരെന്നു മുദ്ര കുത്തിയവരെ ദൃശ്യരാക്കൽ

ഈ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നതിന് നമ്മുടെ സംഘടനയുടെ വനിതാവേദികൾ ഓരോ കോളജിലും താല്പര്യം കാണിക്കേണ്ടതുണ്ട്. കലാശാലകളിലെ അഭ്യസ്ഥവിദ്യരായ വിദ്യാർത്ഥിനികളേയും അദ്ധ്യാപികമാരേയും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം. ●

**?** 2001 ജൂലൈ മാസം 7-ാം തീയതി മുതൽ 42 ദിവസത്തെ half pay leave എടുത്തപ്പോൾ Leave salary യിൽ HRA പൂർണ്ണമായും ലഭിച്ചതായി കണ്ടു. അതിന് അർഹത ഉണ്ടോ?

*ശ്രീ.ജോസ് തോമസ്സ്,*
*തൃശൂർ*

**=** ശമ്പളത്തോടു കൂടിയ 180 ദിവസം വരെയുള്ള ഏത് അവധിക്കും HRA പൂർണ്ണ നിരക്കിൽ കിട്ടുവാൻ അർഹതയുണ്ട്. ഇത്തരം അവധിക്കാലം 180 ദിവസത്തിൽ അധികമുണ്ടെങ്കിൽ ആദ്യത്തെ 180 ദിവസം HRA പൂർണ്ണ നിരക്കിൽ ലഭിക്കുകയും ചെയ്യും.

**?** 32 half pay leave credit ൽ ഉള്ള എനിക്ക് leave not due എടുക്കുമ്പോൾ അർഹത ഉണ്ടോ?

*ശ്രീമതി ലതാകുമാരി,*
*കായംകുളം*

**=** ഇല്ല. ശമ്പളം ലഭിക്കാവുന്ന യാതൊരവധിയും Credit ൽ ഇല്ലങ്കിലേ Leave not due അനുവദിക്കുവാൻ നിയമമുള്ളൂ.

**?** റിട്ടയർ ചെയ്യുമ്പോൾ 32 വർഷവും 8 ദിവസവും Qualifying സർവീസാകുന്ന എനിക്ക് ഗ്രാററുവിററി ലഭിക്കുന്നതിന് 33 വർഷമെന്ന് അതിനെ ക്രമപ്പെടുത്താമോ?

*ശ്രീ.ചന്ദ്രശേഖരൻ നായർ,*
*എറണാകുളം*

**=** 32 വർഷത്തിൽ കൂടുതൽ എന്നാൽ, 32 വർഷം 6 മാസത്തിൽ കുറവേ സർവ്വീസ് ഉള്ളുവെങ്കിലും ഗ്രാററുവിററിയുടെ പരമാവധി പ്രയോജനം ലഭിക്കുവാൻ 33 വർഷമായി അതിനെ ക്രമപ്പെടുത്താം. ●

വായനക്കാരുടെ സർവ്വീസ്
സംബന്ധമായ ചോദ്യങ്ങൾക്ക്
മറുപടി ലഭിക്കുന്നതിന് എഴുതുക.

**Prof. T. N. മനോഹരൻ,** വടയക്കാട് ഹൗസ്,
കുന്നുകുഴി പി. ഒ, തിരുവനന്തപുരം-37.

# ആദ്യ ഓഡിയോ നോവൽ

ഡോ.സി. ആർ.പ്രസാദ്
എം.ജി.കോളജ്, തിരുവനന്തപുരം

കൊല്ലപ്പെട്ട വ്യക്തി ചരിത്രപുരുഷനാണെങ്കിൽ കൊലപാതകി കൂടെ ചരിത്രത്തിന്റെ ഭാഗമായിത്തീരുന്നു. നന്മയോടൊപ്പം തിന്മയും, സമൂഹത്തിൽ കൂടി കിടപ്പവകാശം നേടുന്ന തന്ത്രങ്ങളിൽ ഒന്നാണിത്. കഴിഞ്ഞ നൂററാണ്ടിന്റെ ഇന്ത്യൻ ചരിത്രത്തിൽ അങ്ങനെ സ്ഥാനം നേടിയെടുത്ത കൊലപാതകിയാണ് ഗോഡ്സെ.പ്രശസ്തനായിത്തീർന്ന ഈ ഘാതകനെ കേന്ദ്രമാക്കി സാഹിത്യ സൃഷ്ടികൾ ഉണ്ടായിട്ടുണ്ട്. സെപ്ററംബറിൽ ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച സക്കറിയയുടെ 'ഇതാണെന്റെ പേര്' എന്ന കൃതിയും ഗോഡ്സെയുടെ മാനസിക വ്യാപാരം അന്വേഷിക്കുന്നു.

ഗാന്ധിജിയുടെ വധത്തിനുശേഷം ഘാതകന്റെ മനസ്സിലൂടെ ഒഴുകിയ ചിന്താധാരകൾ എന്തൊക്കെയെന്ന അന്വേഷണം ജന്മാന്തരങ്ങളിലെ കർമ്മവൈപരീത്യങ്ങളിലേക്കു കൂടി ചെന്നെത്തുന്നുണ്ട്. പുനർജന്മത്തെക്കുറിച്ചും ജന്മാന്തരങ്ങളെക്കുറിച്ചും നിലനിൽക്കുന്ന ഭാരതീയ ദർശനത്തെ ആഖ്യാനത്തിന്റെ കേന്ദ്രമായി സ്വീകരിക്കുകയും ഗാന്ധി നിന്ദ ഗോഡ്സെയുടെ വാക്കുകളിൽ നിറച്ചിരിക്കുകയും ചെയ്യുന്നത് ചേർത്തു വായിക്കുന്ന ഒരാൾക്ക് വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയത്തോടുള്ള എഴുത്തുകാരന്റെ എതിർപ്പ് ഉയർന്നു കേൾക്കാൻ കഴിയും

പ്രസാദകർ:
ഡി. സി. ബുക്സ്
വില: 30 രൂപ

മതവിശ്വാസവും ദാർശനിക വീക്ഷണങ്ങളും ഒരു സംഘടനയുടെ അധികാരയാത്രയ്ക്കുള്ള അകമ്പടിമേളം മാത്രമായി തീർന്നിരിക്കുന്നു. ഇതിന്റെ മറവിൽ രാഷ്ട്രത്തെ നിയന്ത്രിക്കുന്ന കരുത്തായി അവർ വളരുകയും ചെയ്തിരിക്കുന്നു. ഭാരതീയത ഒരു വിഭാഗത്തിന്റെ മാത്രം കുത്തകയാക്കാൻ പററുന്ന അന്തരീക്ഷം സൃഷ്ടിച്ചതിൽ ഒരു പരിധി വരെ ഇതര സംഘടനകളും സംഭാവന നൽകിയിട്ടുണ്ട്. അതല്ലെങ്കിൽ, ഭാരതീയതയെ നിർവചിക്കുന്നതിൽ എവിടെയൊ തകരാറു സംഭവിച്ചിരിക്കുന്നു. ഇത് ഇന്നത്തെ ഇന്ത്യൻ ഭരണാധികാരികൾക്ക് സഹായവുമായി തീർന്നിരിക്കുന്നു. സക്കറിയയുടെ കൃതി ഈ തലത്തിൽ വായിച്ചെടുക്കുമ്പോൾ മാത്രമാണ് പ്രസക്തമാകുന്നത്.

ഘാതകൻ രാഷ്ട്രപിതാവായി മാറുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. "ഞാൻ പേരെഴുതി ഒപ്പിടണമെന്നോ? ശരി. ഇതാ. എന്റെ പേര് മോഹൻദാസ്. അത് ആ വൃദ്ധന്റെ പേരാണെന്നോ? സുഹൃത്തുക്കളേ, എന്നെ സംബന്ധിച്ചിടത്തോളം ഇനി ഇതാണെന്റെ പേര്. വൃദ്ധന് ഇനി പേരില്ല. ബ്രഹ്മത്തിങ്കൽ ഒന്നിനും പേരില്ല''. എന്ന് ഘാതകൻ പറഞ്ഞു നിർത്തുമ്പോൾ ഈ യാഥാർത്ഥ്യത്തിലേക്കാണ് ചൂണ്ടു വിരൽ നീളുന്നത്. രചനയുടെ അന്തരീക്ഷത്തെ പാടെ മാററി മറിക്കുന്ന താക്കോൽ വാക്യങ്ങളാണ് ഇവ. ഗോഡ്സെയുടെ പേര് കൃതിയിൽ പറയാതിരിക്കുന്നതും ശ്രദ്ധിക്കണം.

ഗാന്ധി നിന്ദ വായിക്കുമ്പോൾ അതിനു വിരുദ്ധമായ അർത്ഥമാണ് രൂപം കൊള്ളുന്നത്. അതുകൊണ്ട് വിരുദ്ധോക്തിയുടെ സൗന്ദര്യം ഈ കൃതിയിൽ വ്യാപിച്ചു നിൽക്കുന്നതായി പറയാം.

'ഇതാണെന്റെ പേര്' വെളിപ്പെടുത്തുന്ന മറെറാരു സത്യം കൂടിയുണ്ട്. അത് പഴയ സക്കറിയയുടെ മരണമാണ്. ഹാസ്യത്തിന്റെ പ്രത്യേക ചേരുവ ഉപയോഗിച്ചു കൊണ്ട് ആഖ്യാനതലത്തിൽ സൃഷ്ടിക്കുന്ന ലാഘവബോധം, രചനാനിയന്ത്രണം കൊണ്ട് സാധിച്ചെടുക്കുന്ന സാന്ദ്രത ഇവയെല്ലാം സക്കറിയയ്ക്ക് കൈമോശം വന്നിരിക്കുന്നു. സാമൂഹിക സാംസ്കാരിക സംഭവങ്ങളിൽ ചടുലമായി ഇടപെടുന്നതു കൊണ്ട് സർഗ്ഗരചനയിൽ മുമ്പുണ്ടായിരുന്ന ഈ ഗുണങ്ങൾ നഷ്ടപ്പെട്ടതാകാം.

മലയാളത്തിലെ ആദ്യത്തെ ഓഡിയോ നോവൽ കൂടിയാണ് ഇത്. നോവലിനൊപ്പം ലഭിക്കുന്ന കാസററിൽ നിന്നും എം.ആർ ഗോപകുമാറിന്റെ ശബ്ദത്തിൽ നോവൽ കേൾക്കുവാനും കഴിയും. കുറച്ചു കൂടി ശ്രദ്ധിച്ചാൽ ഇത് ഒരു നോവലോ ചെറുകഥയോ എന്ന സംശയവും വായനക്കാർക്ക് ഉണ്ടാകാം. ●

**Dr.P.S.Mohan Kumar**
*Sree Sankara College, Kalady*

## How poor we are!

Since 1960, the world's wealth has increased eight times, but half of the world's population lives on less than $2 a day, a quarter on less than $1 a day, one third has no access to electricity, a fifth has no access to clean drinking water, one sixth is illiterate, and one in seven adults and one in five children suffer from malnutrition. The UNDP and UNICEF estimate that $80 billions a year for the next 10 years would ensure basic education, adequate health care, enough food, clean water and sanitation for every human beings on this planet. This amount ($80 billion) is only one fourth of the U.S defence budget. It is only 8% of the annual global expenditure on advertising. It is half (50%) of the wealth of the 4 richest persons in the world (Achin Vanaik, The Hindu, August 18, 2001)

## Mobile phone and Instant Messaging

Instant Messaging (IM) or called Short Messaging Servicee (SMS) is the latest addition to cyberspace. With IM one can have conversation, video chat and video conferencing with people who are connected to the internet. SMS is a digital cellular network feature which allows one to send short text messages to and from mobile phones. Instant delivery of message is possible with SMS. One can receive SMS message in your cell phone while talking to others and the receiving person get the message even if the cell phone is off. He will receive the message once the device is switched on. This system can convert your voice into text and pop it on the screen. E-mail providers like YAHOO and MSN are going to enter IM bandwagon soon.

## The return of Famine

Vandana Shiva in her article 'At the mercy of Globalisation (The Hindu, sept, 23, 2001) argued that famine returned due to the liberalisation. Food Corporation of India (FCI) was set up to procure and distribute food grains through Public Distribution System, (Ration Shops) to people. But the World Bank in 1991 through the so called Structural Adjustment Programme insisted to dismantle the Public Distribution System in India, to reducee public expenditure and to contain the fiscal deficit, Many states in India were not able to detect the people living Below the Poverty Line (BPL) to provide wheat or rice at subsidised price. The Government also withdraw all subsidies given to people Above the Poverty Line (APL) ie., those people whose income is above Rs.1500 per month. These people have to pay the whole cost of procurement and distribution of wheat and rice. Those living Below the Poverty-Line (BPL) are also forced to buy wheat and rice from open market since they are getting only 10kg of wheat or rice per family. All these lead to growing starvation. 20 starvation deaths were reported from Orissa, 11 deaths from Rajasthan. 800 tribal children had died of starvation. This happened when 50 million

ഡോ. എം. ആർ.സുദർശനകുമാർ
രസതന്ത്ര വിഭാഗം, എം.ജി.കോളജ്, തിരുവനന്തപുരം

## നോബൽ സമ്മാന ജേതാക്കൾ [1-5]

### ഭൗതിക ശാസ്ത്രം

വിഖ്യാത ഇന്ത്യൻ ശാസ്ത്രജ്ഞൻ സത്യേന്ദ്രനാഥ് ബോസും ആൽബർട്ട് ഐൻസ്റ്റീനും ഇരുപതാം നൂററാണ്ടിന്റെ തുടക്കത്തിൽ നിർദ്ദേശിച്ച ദ്രവ്യസിദ്ധാന്തം തെളിയിച്ച മൂന്നു ഗവേഷകർ ഈ വർഷത്തെ ഭൗതിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം പങ്കിട്ടു. അമേരിക്കകാരായ കാൾ.ഇ.വീമാൻ (Carl.E.Weimann), എറിക്.എ.കോർണൽ (Eric. A. Cornell), ജർമൻകാരനായ വുൾഫ്ഗാങ് കെററൾ (Wolfgang Ketterle) എന്നിവരാണ് 'ബോസ്- ഐൻസ്റ്റീൻ കണ്ടൻസേഷൻ' എന്ന സങ്കല്പം പരീക്ഷണ ശാലയിൽ തെളിയിച്ചതിന് നോബൽ പുരസ്കാരം നേടിയത്.

ദ്രവ്യത്തിന്റെ 'ബോസ് - ഐൻസ്റ്റീൻ കണ്ടൻസേററ്' എന്ന അവസ്ഥയെ കുറിച്ച് ആഗസ്റ്റ് ലക്കത്തിൽ എഴുതിയിരുന്നത് ഓർക്കുമല്ലോ? വാതകങ്ങളെ തണുപ്പിക്കുമ്പോൾ ദ്രാവകമായി മാറുന്നു. എന്നാൽ സോഡിയം ആററങ്ങളേയും (23 Na) റുബീഡിയം ആററങ്ങളേയും (87 Rb) വളരെയേറെ തണുപ്പിക്കുമ്പോൾ (കേവല-പൂജ്യത്തിനു (absolute zero, -273$^{0}$C) കോടിയിലൊരംശം ഡിഗ്രി തൊട്ടു മുകളിൽ ) ആററങ്ങൾ ഒത്തു ചേർന്ന് ദ്രവ്യത്തിന്റെ പുതിയൊരവസ്ഥയായ 'ബോസ് - ഐൻസ്റ്റീൻ കണ്ടൻസേററ്' ഉണ്ടാകുമെന്ന് ഈ ശാസ്ത്രജ്ഞർ സ്ഥാപിച്ചു. ക്വാണ്ടം സിദ്ധാന്തത്തിന്റെ പഠനത്തിനു സഹായകരമാകുന്ന ഈ കണ്ടുപിടിത്തം നാനോ ടെക്നോളജി, ഹോളോ ഗ്രഫി, ലിത്തോഗ്രഫി എന്നീ മേഖലകളിൽ നിരവധി സംഭാവനകൾ നൽകുമെന്നുറപ്പാണ്.

### വൈദ്യശാസ്ത്രം

അർബുദ ചികിത്സാരംഗത്ത് പുത്തൻ മാർഗങ്ങൾക്ക് വഴി തെളിച്ച നിർണായക കണ്ടെത്തലുകൾ നടത്തിയ മൂന്നുപേർ ഈ വർഷത്തെ വൈദ്യശാസ്ത്രത്തിനുള്ള നോബൽ സമ്മാനം പങ്കിട്ടു. അമേരിക്കൻ ശാസ്ത്രജ്ഞനായ ലെലാൻഡ് ഹാർത്ത്വെൽ (Leland Harthwell), ബ്രിട്ടീഷ് ശാസ്ത്രജ്ഞരായ ടിരമോത്തി ഹണ്ട് ( Timothy Hunt), പോൾ നഴ്സ് (Paul Nurse) എന്നിവരാണ് പുരസ്കാരം പങ്കിട്ടത്.

മനുഷ്യ ശരീരത്തിൽ കോടാനുകോടി കോശങ്ങളുണ്ട്. അവ വിഭജിച്ച് പുതിയ കോശങ്ങളുണ്ടാകുമ്പോൾ പഴയവ നശിക്കുന്നു. കോശങ്ങൾ നശിക്കാതെ പെരുകുന്നതാണ് അർബുദ ബാധ. കോശചക്രത്തിൽ കോശങ്ങൾ അവയുടെ വിഭജനം എങ്ങനെ

---

tonnes of food grains are rotting while people cannot afford to buy food. This reminds us of the famines of 1942 and 1877 where lack of food entitlement caused starvation death.. This reflects the dark side of globalisation. The rural people's capacity to buy food decreased drastically due to decrease in their income- mainly due to decrease in farm prices of coconut, coffee, pepper, tea, cardamom, wheat, rice etc. The withdrawal of Government from procurement and the withdrawal of minimum support price to agricultural crops led to the present plight of farmers. Thus in India, we are witnessing poverty in plenty.

### Beware Wilful Defaulters

The RBI has asked banks to file criminal cases against borrowers who are wilful defaulters. This primarily relates to cases where borrowers are deliberately not paying loans ie wilful default unlike other bad loans. Which were a result of external circumstances like famine, flood, natural calamities, and things beyond one's control, making it impossible for the borrower to generate necessary cash flows for loan repayment. •

സ്വയം നിയന്ത്രിക്കുന്നു എന്നതിനെ സംബന്ധിച്ച വ്യത്യസ്ത പഠനങ്ങളാണ് ഇവർ നടത്തിയത്. ഈ പഠനങ്ങളിൽ നിന്നും ലഭിച്ച വിവരം അർബുദ രോഗത്തിനെതിരെയുള്ള പോരാട്ടത്തിന് നാഴികക്കല്ലായി.

**രസതന്ത്രം.**

അമേരിക്കൻ ശാസ്ത്രജ്ഞരായ വില്ല്യം എസ്. നോളസ് (William S. knoles), കെ.ബാരി ഷാർപ്ലസ് (K. Barry Sharpless) ജാപ്പനീസ് ശാസ്ത്രജ്ഞനായ റിയോജി നോയോറി (Ryoji Noyori) എന്നിവർ രസതന്ത്രത്തിനുള്ള ഈ വർഷത്തെ നോബൽ സമ്മാനർഹരായി. രാസപ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുവാനുള്ള മാർഗം കണ്ടെത്തിയതിനാണ് ഇവർ നോബൽ സമ്മാനാർഹരായത്. ഈ മാർഗം പുതിയ ഔഷധങ്ങളുടെ കണ്ടുപിടിത്തതിനും പാർക്കിൻ സൺസ് രോഗചികിത്സയ്ക്കും വഴി തെളിച്ചു.

**സാമ്പത്തിക ശാസ്ത്രം**

ആധുനിക ഇൻഫർമേഷൻ സാമ്പത്തിക ശാസ്ത്രത്തിനു അടിത്തറ പാകിയ അമേരിക്കകാരായ ജോർജ്.എ.അക്കർലോഫ് (George A. Akerlof), എ. മൈക്കൽ സ്പെൻസ് (A. Micheal Spence), ജോസഫ്.ഇ.സ്റ്റിഗ്ലൈററ്സ് (Joseph. E. Stiglitz) എന്നിവർ ഈ വർഷത്തെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം പങ്കിട്ടു. വിവര ലഭ്യതയിലെ അസമത്വങ്ങൾ സാമ്പത്തിക സ്ഥിതിയെ എങ്ങനെ ബാധിക്കുമെന്ന് വിശകലനം നടത്തിയതിനാണവർ സമ്മാനാർഹരായത്. വികസ്വര രാജ്യങ്ങളിലെ കാർഷിക കമ്പോള്ങ്ങളിലും വികസിത രാജ്യങ്ങളിലെ ആധുനിക കമ്പോളങ്ങളിലും ഇവരുടെ സിദ്ധാന്തങ്ങളുടെ പ്രയോഗ സാധ്യത വളരെ വലുതാണ്.

**സാഹിത്യം**

സാഹിത്യത്തിനുള്ള നോബൽ സമ്മാനം ഇന്ത്യൻ വംശജനായ ഇംഗ്ലീഷ് സാഹിത്യകാരൻ വി.എസ്. നെയ്പാൾ (V.S.Naipal) നേടി. ടാഗോറിനു ശേഷം സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിക്കുന്ന ഇന്ത്യൻ വംശജനാണ് നെയ്പാൾ. 1971-ൽ നെയ്പാളിന് 'In a Free State' എന്ന കൃതിക്ക് ബുക്കർ പുരസ്കാരം ലഭിച്ചു. 'A House for Mr. Biswas', 'India - A Wounded Civilisation', 'Area of Darkness', എന്നിവ അദ്ദേഹത്തിന്റെ പ്രശസ്ത കൃതികളാണ്. അദ്ദേഹത്തിന്റെ പുതിയ നോവലായ 'Half A Life' ഉം ഇന്ത്യൻ പശ്ചാത്തലത്തിലുള്ളതാണ്.

**സമാധാനം**

ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറലായ കോഫി അന്നനും (Kofi Annan) ഐക്യരാഷ്ട്രസഭയും സംയുക്തമായി ഈ വർഷത്തെ സമാധാനത്തിനുള്ള നോബൽ സമ്മാനാർഹരായി. ലോകസമാധാനത്തിനു ഐക്യരാഷ്ട്രസഭയും, കോഫി അന്നനും നൽകിയ സംഭാവനകളാണ് നോബൽ സമ്മാനത്തിനു കാരണമായത്.

**തിരിഞ്ഞുനോക്കുമ്പോൾ[6]**

(1980 മുതൽ 1989 വരെയുള്ള പ്രധാന ശാസ്ത്ര സംഭവങ്ങൾ താഴെ വിവരിക്കുന്നു)

1980 ദിനോസാറുകളുടെ വംശനാശം സംഭവിച്ചത്. ഉൽക്കാശില (meteorite) പതിച്ചാണെന്നുള്ള സിദ്ധാന്തത്തിനു തെളിവുകൾ പിൻബലം നൽകി.

1981 - IBMപേഴ്സണൽ കമ്പ്യൂട്ടർ അവതരിപ്പിച്ചു.
- 'AIDS' ആദ്യമായി തിരിച്ചറിഞ്ഞു.
- വീണ്ടും ഉപയോഗിക്കാവുന്ന ആദ്യത്തെ
- സ്പേസ് ഷട്ടിലായ് കൊളംബിയ' യുടെ കന്നിയാത്ര.

1982 ജനിതക രീതിയിൽ ആദ്യമായി ഹ്യുമൻ ഇൻസുലിൻ ഉല്പാദിപ്പിച്ചു.

1983 'Pioneer10' സൗരയൂഥത്തിനു പുറത്തേക്കു പോകുന്ന ആദ്യത്തെ ബഹിരാകാശ പേടകമായി!

1984 ആപ്പിൾ കമ്പ്യൂട്ടേഴ്സ് ആദ്യമായി 'മൗസ്' അവതരിപ്പിച്ചു.
- Charles G.Silby, Jon. E. Ahiquist എന്നിവർ മനുഷ്യരുടെ ഏററവും അടുത്ത ബന്ധു 'ചിമ്പാൻസി' യാണെന്നു സ്ഥാപിച്ചു.

1985 അന്റാർട്ടിക്കയിൽ ഓസോൺ സുഷിരം കണ്ടെത്തി.
- 'KECK 1' എന്ന ലോകത്തിലെ ഏററവും വലിയ ടെലിസ്ക്കോപ്പിന്റെ നിർമ്മാണം തുടങ്ങി.

1986 - ചെർണോബിൽ ആണവ നിലയത്തിൽ സ്ഫോടനമുണ്ടായി
- 'ചലഞ്ചർ' ദുരന്തത്തിൽ ഏഴുപേർ മരിച്ചു.
-ആദ്യത്തെ സ്ഥിര സ്പേസ് സ്റേറഷനായ 'മിർ' സോവിയററ് യൂണിയൻ വിക്ഷേപിച്ചു.

1987 'California Condor' നെ വംശനാശത്തിൽ നിന്നും കരകയററാനുള്ള ശ്രമത്തിനാരംഭം കുറിച്ചു.

1988 നേരത്തെ കരുതിയിരുന്നതിലും വളരെ വർഷങ്ങൾക്കു മുമ്പു തന്നെ ആഫ്രിക്കയ്ക്കു പുറത്ത് മനുഷ്യൻ എത്തിച്ചേർ ന്നിട്ടുണ്ടാവുമെന്നതിന്റെ സൂചനകൾ ലഭിച്ചു.

1989 Tim Barners-Lee 'World Wide Web (WWW)' ആരംഭിച്ചു.

References: 1. The Hindu Science/Technology, Bs-3, 11 October,2001, 2. The Hindu Science/Technology, Bs-3,18 October, 2001, 3. The Hindu, 11 October 2001, p.14, 4. മാതൃഭൂമി.ദിനപത്രം,-12 October 2001,p.1, 5. The Hindu, 13 October 2001, p.15, 6. Discover, January 2000 ●

K.K.Venu

S.N. College, Chempazhanthy

## How Excercise improves your mood

Fitness is the new fountain of youth. It is a way of redeem yourself from a life of fast food, beer and indolence and it makes you look and feel good. People who excercise regularily becomes physically and emotionally addicted to excercise . Such people are more tranguil, suffer less from tension and anxiety, and are less vulnerable to the stress and irritation of daily life. They are able to concentrate harder, perform better at work and sleep more,deeply at night.

Numerous clinical studies show that excercise improves mood and imparts a sense of well being.Scientists are unable to explain exactly why or how excercise does this. So researchers feel that it could be due to increased level of norepinephrine in the brain. Norepinephrine is a harmone that is necessary for the transmission of brain messages along certain nerves in the body. People who are happy have high level of norepinephrine in the bloodstream, while those are depressed have low levels. It is clearly proved that norepinephrine levels rise with excercise.

Other important aspects which state the effect of excercise in the improvement of mood are the following:-

### It increases the blood supply to the brain:-

With more blood, brain receives more oxygen. Senile people who are given oxygen often think more clearly and their mood improves.

### It decreases the salt level in the brain:-

Excercise, by increasing sweat production and diuretics by increasing urine production, ,lower the amount of salt in the body. This process of lowering the levels of salt in the brain may improve mood.

### It increases deep sleep:-

Physical excercise promote deep sleep. The amount of deep sleep you get is proportional to the daytime energy expenditure. People who are free of depression and emotional problems sleep deeply. The more you excercise, the deeper you sleep.

### It increases your feeling of accomplishment:-

Participation in regular excercise programme gives many people a feeling at accomplishment from successfully completing a difficult task. Any good feeling of yourself improves your mood.

GOVERNMENT OF KERALA

Abstract

Higher Education Department - Strike by a Section of Government College/Private College Teachers on 9-12-1997 - Regularisation of absence - orders issued.

HIGHER EDUCATION (D) DEPARTMENT

G.O.(Ms) No.135/2001/H/Edn. Dated, Thiruvananthapuram, 12-10-2001.

Read: 1. Representation dated 5-1-2001 from General Secretary, All Kerala Private College Teachers' Association.

2. Lr.No.Estt. D1-1853/2001/Coll.Edn. dated 2-2-2001 from the Director of Collegiate Education.

ORDER

Government are pleased to regularise the unauthorised absence of Government College/ Private College Teachers on 9-12-1997 by granting eligible leave other than Casual Leave.

By order of the Governor,
N.Devaky
Deputy Secretary to Govenment.

## Character Development through Sports and Games

Sport, property conducted under good leadership is an excellent master for building character. Here are some qualities, which sport can help to develop and strengthen.

### Will Power :-

Only those with will power strong enough to endure training and competition can participate in sport, or the game of life, successfully.

### Concentration :-

The absentminded win no victories on the field or out of it.

### Endurance:-

It only needs optimism to start anything. To finish requires endurance.

### Planning:-

Success in any match depends on one's ability to plan ahead - to evaluate one's strength as well as one's competition.

### Self- confidence :-

To develop self - Confidence one must learn to believe in oneself.

### Humbleness:-

My body, my will, my intelligence, they are gifts received. They call for humbleness on my part

### Generosity:-

To shake hands with winner, to acknowledge his superiority, to congratulate him unreservedly is the mark of the generous athlete.

### Fellowship:-

Participation in sports, bridges political, social and religious boundaries which otherwise seperate people from each other and nation from nation.

### Service:-

Readiness to perform unselfish service is a desirable quality in every aspect of life.

### Objectivity:-

Sports can teach us that we should judge people, not by tape measures and cronometers, but objectively, by what they are.

The total of these qualities might be called sportsmanship. •

❖

**കുടിശികയായ അഞ്ച് ഗഡു**

**ക്ഷാമബത്ത ഉടൻ അനുവദിക്കുക.**

❖

**സർവ്വകലാശാലകളേയും കോളജുകളേയും**

**വ്യവസായ സംരംഭകർക്ക് തീറെഴുതാതിരിക്കുക.**

❖

**സർവ്വകലാശാലാ ഭരണം കൈപ്പിടിയിൽ**

**ഒതുക്കാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കുക.**

## എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മററി ഓഫീസിൽ ഇ-മെയിൽ സൗകര്യം

ഇ-മെയിൽ സൗകര്യംകൂടെ ഏർപ്പെടുത്തിക്കൊണ്ട് എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മററി ഓഫീസ് പ്രവർത്തനം വിപുലമാക്കിയിരിക്കുന്നു.

ഇ-മെയിൽ അഡ്രസ്സ്
akpcta@sify.com

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 463494, Fax: 0471-468984, e-mail: akpcta@sify.com, at SB. Press (P) Ltd. College Lane, Thiruvananthapuram-1 Phone: 471904, Fax: 478013, Fax: 471904, Typeset : Genial, Tvpm, Phone: 325789, Chief Editor: K. Jaganathan Nair